**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1183** **14-03-2022 - ൽ മറുപടിയ്ക്ക്**

**"ഭാരത് പരിയോജന"- ഔട്ടർ റിംഗ് റോഡ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്തിലെ റോഡുകളുടെ വികസന പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുമായി മുഖ്യമന്ത്രിയും വകുപ്പ് മന്ത്രിയും നടത്തിയ സന്ദർശനത്തിന്റെ ഫലമായി ഏതെല്ലാം റോഡ് വികസന പദ്ധതികൾക്ക് അംഗീകാരം നേടുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 14/07/2021 ലെ ബഹു. മുഖ്യമന്ത്രിയുടെയും ബഹു. റോഡ് ഹൈവേ മന്ത്രിയുടെയും മീറ്റിംഗിൽ എടുത്ത തീരുമാനപ്രകാരം തത്വത്തിൽ അംഗീകരിച്ച 12 ദേശീയപാതകളുടെ സാധ്യതാപഠനത്തിനുള്ള ഡി.പി.ആർ. പ്രവൃത്തി തുടരുവാനും അതിൽ 10,000 PUC മേൽ വരുന്ന റോഡുകൾ ഭാരത് മാല രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്താനും നിർദ്ദേശിച്ചു. |
| (ബി) | "ഭാരത് പരിയോജന"-യിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നതിന് അന്തിമ അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിന് ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; | (ബി) | പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. ഇത് അനുസരിച്ചുള്ള മുന്നൊരുക്കങ്ങൾ നടത്തുന്ന തിന് ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (സി) | പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാരുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; എറ്റെടുക്കുന്ന സ്ഥലത്തിന്റെ എത്ര ശതമാനമാണ് സംസ്ഥാന സർക്കാർ വഹിക്കേണ്ടത്; വിശദാംശം നൽകാമോ? | (സി) | ഉണ്ട്. NHAI നിർമ്മിക്കുന്ന 45 മീറ്റർ പ്രധാന വണ്ടിപ്പാതയുടെ സ്ഥലമേറ്റെടുക്കലിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്. സർവ്വീസ് റോഡുകളുടെ സ്ഥലമേറ്റെടുക്കലും നിർമ്മാണവും സംസ്ഥാന സർക്കാർ ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ